(ബി) ദുരന്ത ലഘൂകരണത്തിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ ജില്ലാ ആസ്ഥാനത്തും താലൂക്ക് ആസ്ഥാനത്തും പ്രവർത്തനം ആരംഭിച്ചു. ആവശ്യമായ സന്ദർഭങ്ങളിൽ ദേശീയ ദുരന്ത നിവാരണ സേനയുടേയും സന്നദ്ധ സംഘടനകളുടേയും സേവനങ്ങൾ ഉപയോഗപ്പെടുത്തി ആവശ്യമായ ഇടങ്ങളിൽ ദുരിതാശ്വാസ കേന്ദ്രങ്ങൾ തുടങ്ങി ദുരിതബാധിതരെ മാറ്റി പാർപ്പിച്ച് ദുരിത ബാധിതർക്ക് സൗജന്യ റേഷൻ നൽകുന്നതിന്റെ ഉൾപ്പെടെയുള്ള ആശ്വാസ നടപടികൾ സ്വീകരിച്ചു. വീടുകൾ, കൃഷി എന്നിവയ്ക്ക് നാശനഷ്ടം സംഭവിച്ചവർക്ക് പ്രകൃതി ദുരിതാശ്വാസ മാനദണ്ഡപ്രകാരം ധനസഹായം വിതരണം ചെയ്തു.

(സി) കൃഷിയും, കിടപ്പാടവും നഷ്ടപ്പെട്ടവർക്ക് അടിയന്തര സഹായം ലഭ്യമാക്കിയിട്ടുണ്ട്. ഇതിന്റെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) ദുരിതാശ്വാസ ക്യാമ്പുകളിൽ ആകെ 30,733 ആളുകളെ പാർപ്പിച്ചു. മലബാർ മേഖലയിൽ ആകെ 5 ദുരിതാശ്വാസ ക്യാമ്പുകൾ തുറന്നു. കാലവർഷക്കെടുതിമൂലം സംസ്ഥാനത്ത് ആരംഭിച്ച ദുരിതാശ്വാസ ക്യാമ്പുകൾ ഒന്നും ഇപ്പോൾ പ്രവർത്തിക്കുന്നില്ല.

(ഇ) കൃഷിനാശത്തിനും, കിടപ്പാടം നഷ്ടത്തിനും പരിഹാരം നൽകാൻ ആകെ 7, 24, 66, 663 രൂപ വേണ്ടി വരുമെന്ന് കണക്കാക്കിയിട്ടുണ്ട്.

കാലവർഷക്കെടുതികളിൽ തകർന്ന കുന്നമംഗലം മണ്ഡലത്തിലെ റോഡുകളുടെ പുനരുദ്ധാരണം

162(864) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുന്നമംഗലം നിയോജക മണ്ഡലത്തിലെ കാലവർഷക്കെടുതികളിൽ തകർന്ന റോഡുകളുടെ പുനരുദ്ധാരണത്തിനായി ഡിസാസ്റ്റർ മാനേജ്മെന്റ് സ്കീമിൽ റവന്യൂ വകുപ്പ് എത്ര രൂപ അനുവദിച്ചു എന്ന് വ്യക്തമാക്കുമോ :

(ബി) ഓരോ റോഡിനും അനുവദിച്ച തുകയും, റോഡുകളുടെ ലിസ്റ്റും ലഭ്യമാക്കുമോ ?

ഉത്തരം

(എ) പ്രകൃതി ദുരന്തംമൂലം റോഡുകൾക്ക് പുനരുദ്ധാരണം അനിവാര്യമായി വരുന്ന ഘട്ടത്തിൽ പുനരുദ്ധാരണ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകാറുണ്ട്. ഇത് പുനരുദ്ധാരണത്തിന്റെ അനിവാര്യതയുടെയും ഫണ്ടിന്റെ ലഭ്യതയുടെയും അടിസ്ഥാനത്തിലാണ് നൽകിവരുന്നത്. നിയോജക മണ്ഡലാടിസ്ഥാനത്തിലല്ല. ആയതിനാൽ നിയോജക മണ്ഡലാടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമല്ല.

(ബി) ഉത്തരം 'എ'-യുടെ അടിസ്ഥാനത്തിൽ ബാധകമല്ല

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly